**പ്രസ്സ് റിലീസ്** **16.05.2013**

# ആരോഗ്യകിരണം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (മേയ് 17)

ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന ആരോഗ്യകിരണം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം, മന്ത്രിസഭയുടെ രണ്ടാം വാർഷികാഘോഷ പരിപാടികളുടെ ഭാഗമായി ഇന്ന് (മേയ് 17) ഉച്ചകഴിഞ്ഞ് 3 മണിക്ക്, കേരള സർവ്വകലാശാല സെനറ്റ് ഹാളിൽച്ചേരുന്ന സമ്മേളനത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിക്കും. ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ പദ്ധതി പരിചയപ്പെടുത്തും. 18 വയസ്സുവരെയുള്ള കുട്ടികൾക്ക് എല്ലാവിധ രോഗങ്ങൾക്കും സർക്കാർ ആശുപത്രികളിലൂടെ, എ.പി.എൽ–ബി.പി.എൽ വ്യത്യാസമില്ലാതെ, സൗജന്യചികിത്സ ലഭ്യമാക്കുന്ന ബൃഹത് പദ്ധതിയാണിത്.

രാഷ്ട്രീയ ബാൽ സ്വാസ്ഥ്യകാര്യക്രം, താലോലം, ആർഎസ്ബിവൈ, ചിസ്–പ്ലസ്സ്, ക്യാൻസർസുരക്ഷാ പദ്ധതി മുതലായവ സംയോജിപ്പിച്ചുകൊണ്ടാണ് ഇത് നടപ്പിലാക്കുന്നത്. ഗർഭാവസ്ഥ മുതൽ വാർധക്യം വരെയുള്ള ഓരോ ജീവിതഘട്ടത്തിനും അനുയോജ്യമായ ആരോഗ്യസംരക്ഷണ ചികിത്സാ പദ്ധതികൾ ആരോഗ്യവകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരികയാണ്. അമ്മയും കുഞ്ഞും പദ്ധതി, ന്യൂബോൺ സ്ക്രീനിംഗ്, വിദ്യാലയാരോഗ്യ പദ്ധതി, അയൺ ഫോളിക് ആസിഡ് പോഷണപരിപാടി, അമൃതം ആരോഗ്യം, ജീവിതശൈലീരോഗ നിയന്ത്രണത്തിനായുള്ള ഏഴിന കർമ്മ പരിപാടി, ജില്ലാതല മാനസികാരോഗ്യ പരിപാടി, സാന്ത്വന ചികിത്സാ പദ്ധതി മുതലായവയ്ക്കൊപ്പം, ആരോഗ്യകിരണം പദ്ധതികൂടി നടപ്പിലാക്കുന്നത്, ആരോഗ്യ കേരളത്തിന് വലിയ മുതൽക്കൂട്ടാകുമെന്ന് ആരോഗ്യമന്ത്രി അറിയിച്ചു. ഇതുൾപ്പെടെ, മേൽപ്പറഞ്ഞ പല പദ്ധതികളും ഇന്ത്യയിലാദ്യമായിത്തുടങ്ങുന്ന സംസ്ഥാനമാണ് കേരളമെന്നും അദ്ദേഹം പറഞ്ഞു.

(തുടർച്ച)

## ഹോമിയോ ഔഷധക്കിറ്റ് വിതരണം: സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (മേയ് 17)

പകർച്ചപ്പനി ചികിത്സക്കും പ്രതിരോധത്തിനുമുള്ള ഹോമിയോപ്പതി ഔഷധക്കിറ്റുകളുടെ സംസ്ഥാനതല വിതരണം ഇന്ന് (മേയ് 17) രാവിലെ 11 ന് സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ ഉദ്ഘാടനം ചെയ്യും. ഹോമിയോപ്പതിവകുപ്പും ഹോമിയോപ്പതി സഹകരണഫാർമസിയും (ഹോംകോ) സംയുക്തമായാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്.

സംസ്ഥാനത്തെ 611 ഹോമിയോ ഡിസ്പെൻസറികൾ, 30 ആശുപത്രികൾ, 366 എൻആർഎച്ച്എം ഡിസ്പെൻസറികൾ, പട്ടികജാതി മേഖലയിലെ 29 താൽക്കാലിക ഡിസ്പെൻസറികൾ എന്നിവയിലൂടെയും വിവിധ മെഡിക്കൽ ക്യാമ്പുകളിലൂടെയും ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ് കിറ്റുകൾ വിതരണം ചെയ്യുക. ഹോമിയോവകുപ്പ് ഡയറക്ടർ ഡോ. കെ. ജമുനയുടെ അധ്യക്ഷതയിൽച്ചേരുന്ന ചടങ്ങിൽ ആയുഷ് സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ. ജി.എസ്. ബാലചന്ദ്രൻ നായർ, ഹോംകോ മാനേജിംഗ് ഡയറക്ടർ ഡോ. പി.വി. സന്തോഷ്, തിരുവനന്തപുരം ഹോമിയോ ഡി.എം.ഒ: ഡോ. എം.പി. ബീന, സെക്രട്ടേറിയറ്റ് അസോസിയേഷൻ പ്രസിഡന്റ് ജെ. ബെൻസി, സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ പ്രസിഡന്റ് എസ്.യു. രാജീവ് എന്നിവർ പ്രസംഗിക്കും.

Press Secretary to Health Minister
9946105965